# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5465** — **27.03.2018 ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിൽ തരിശ് ഭൂമിയിലെ കൃഷി

**ചോദ്യം**
**ശ്രീ.ആർ. രാജേഷ്**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) മാവേലിക്കര മണ്ഡലത്തിലെ കൃഷിയോഗ്യമായതും എന്നാൽ നിലവിൽ തരിശായി കിടക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) ഇല്ലെങ്കിൽ വിവരശേഖരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ;

എ) & ബി) മാവേലിക്കര മണ്ഡലത്തിലെ കൃഷിയോഗ്യമായതും എന്നാൽ നിലവിൽ തരിശായി കിടക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. മാവേലിക്കര നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവൻ പരിധികളിലുള്ള തരിശു ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കൃഷിഭവൻ | തരിശുപാടങ്ങളുടെ വിസ്തീർണ്ണം |
|---|---|
| തെക്കേക്കര | 30 ഹെക്ടർ |
| തഴക്കര | 35 ഹെക്ടർ |
| മാവേലിക്കര | 82 ഹെക്ടർ |
| താമരക്കുളം | 90 ഹെക്ടർ |
| പാലമേൽ | 188 ഹെക്ടർ |
| നൂറനാട് | 100 ഹെക്ടർ |
| ചുനക്കര | 120 ഹെക്ടർ |
| വള്ളികുന്നം | 70 ഹെക്ടർ |
| **ആകെ** | **715 ഹെക്ടർ** |

സി) പ്രസ്തുത ഭൂമിയിൽ കൃഷി ആരംഭിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സി)

| കൃഷി ഭവൻ | സ്വീകരിച്ച നടപടി |
|---|---|
| തെക്കേക്കര | കർഷകർ സ്വന്തമായി സ്ഥലം ഒരുക്കി കൃഷി ചെയ്തു. തെക്കേക്കര പൊന്നേഴ സർവ്വീസ് സഹകരണ സംഘം, ഓണാട്ടുകര വികസന ഏജൻസി, കൃഷി വകുപ്പ് എന്നിവ സംയുക്താടിസ്ഥാനത്തിൽ പലതവണ കർഷകരുടെ യോഗം ചേർന്ന് യന്ത്ര സഹായത്തോടെ |

| | |
|---|---|
| | 'പായ് ഞാറ്റടി' തയ്യാറാക്കി 10.26 ഹെക്ടർ തരിശു കൃഷി ചെയ്തു. |
| തഴക്കര, മാവേലിക്കര | തഴക്കര പഞ്ചായത്തിൽ 13.6 ഹെക്ടറും മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 18 ഹെക്ടറും കുട്ടനാടൻ കർഷകർ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്തു. |
| താമരക്കുളം | കൃഷി വകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി തരിശുനിലങ്ങൾ കൃഷി ഉൾപ്പെടുത്തി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. |
| പാലമേൽ, നൂറനാട് | കരിങ്ങാലിചാൽ പുഞ്ചയിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കി വരുന്നു. കരിങ്ങാലിചാൽ പുഞ്ച പ്രദേശത്ത് തരിശായികിടന്ന 529 ഹെക്ടർ സ്ഥലത്ത് നിന്നും ഇപ്പോൾ 130 ഹെക്ടർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി സ്ഥലത്ത് കൂടി കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ചുനക്കര | പെട്ടി പറ പ്രവർത്തനക്ഷമമാക്കി, പാടശേരങ്ങളിലേക്കുള്ള തോടുകൾ ആഴം കൂട്ടി വൃത്തിയാക്കി. ജലസേചന പമ്പുസെറ്റുടമകൾക്ക് സബ്സിഡി നൽകി. ചുനക്കര കാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ ട്രാക്ടർ ഉപയോഗിച്ച് മിതമായ നിരക്കിൽ നിലം ഉഴുതു കൊടുക്കുകയും നടീൽ യന്ത്രങ്ങൾ ഉപയോഗിച്ച് നടുകയും ചെയ്തു. വിപണനം സപ്ലൈകോ വഴി ഉറപ്പ് വരുത്തി. |
| വള്ളികുന്നം | കൃഷി വകുപ്പിന്റെയും ഗ്രമപഞ്ചായത്തിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി തരിശുനിലങ്ങൾ കൃഷി ഉൾപ്പെടുത്തി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ